**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7391      14/07/2014-ൽ മറുപടിയ്ക്ക്

# ഗ്രോബാഗ് പദ്ധതി നടത്തിപ്പിന്റെ അവലോകനം

ചോദ്യം
ശ്രീ.ജി. സുധാകരൻ
,, കെ. ദാസൻ
,, സി. കൃഷ്ണൻ
ഡോ.കെ.ടി. ജലീൽ

മറുപടി
**ശ്രീ . കെ.പി.മോഹനൻ**
**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)**

എ) ഗ്രോബാഗ് പദ്ധതി നടത്തിപ്പിന്റെ അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

എ) ഗ്രോബാഗ് പദ്ധതി നടത്തിപ്പിന്റെ അവലോകനം സംസ്ഥാനതല അവലോകന മീറ്റിംഗുകളിലും ജില്ലാതല അവലോകന മീറ്റിംഗുകളിലും നടത്താറുണ്ട്. പ്രസ്തുത മീറ്റിംഗുകളിൽ ഗ്രോബാഗ്, പോട്ടിംഗ് മിശ്രിതം, തൈകൾ എന്നിവയുടെ ഗുണമേന്മ, നിർവ്വഹണോദ്യോഗസ്ഥരും, വിതരണ ഏജൻസിയും ഉറപ്പുവരുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രോബാഗ് പദ്ധതിയുമായി ബന്ധപ്പെട്ട് നൽകിയ മറ്റു നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- ഗ്രോബാഗ്, പോട്ടിംഗ് മിശ്രിതം, തൈകൾ എന്നിവയുടെ ഗുണമേന്മ, ബന്ധപ്പെട്ട കൃഷി അസിസ്റ്റന്റ് ഡയറക്ടർ, കൃഷി ഡെപ്യൂട്ടി ഡയറക്ടർ, പ്രിൻസിപ്പൽ കൃഷി ഓഫീസർ എന്നിവർ സാമ്പിൾ പരിശോധന നടത്തി ഉറപ്പുവരുത്തേണ്ടതാണ്. പരിശോധനയുടെ വിവരങ്ങൾ രേഖപ്പെടുത്തണം.
- തൈകൾ പിടിക്കുന്നതുവരെയുള്ള എല്ലാ ഉത്തരവാദിത്വവും വിതരണ ഏജൻസിക്കായിരിക്കും.
- തൈകൾ പിടിച്ചതിനു ശേഷമുള്ള പരിപാലനത്തെക്കുറിച്ച് കൃഷി ഉദ്യോഗസ്ഥർ അവലോകനം നൽകും, ബന്ധപ്പെട്ട ലീഫ് ലെറ്റുകളും നൽകും.
- നാശം സംഭവിച്ച തൈകൾക്കു പകരം തൈകൾ ഏജൻസികൾ നൽകണം.
- വിത്ത്, തൈകൾ ജൈവ കീടനാശിനികൾ, മറ്റു ഉല്പാദനോപാദികൾ എന്നിവയ്ക്ക് ആവർത്തനച്ചില-വുകൾക്കായി പ്രത്യേകം അനുവദിച്ച

ഫണ്ടുപയോഗിക്കണം. ഒരു കൃഷിക്കാരന് പരമാവധി 200 രൂപയ്ക്കുള്ള ഉല്പാദനോപാധികൾ വിതരണം ചെയ്യാം. പരാതികൾ ഉണ്ടാകുന്ന പക്ഷം, കൃഷി വകുപ്പ്, വിതരണ ഏജൻസി, കാർഷിക സർവ്വകലാശാല എന്നിവയുടെ പ്രതിനിധികൾ പരിശോധന നടത്തി പരിഹാരം കാണണം.

സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ ജില്ലാതല ഡെപ്യൂട്ടി ഡയറക്ടറുടെ കീഴിലുള്ള ഫീൽഡ് അസിസ്റ്റന്റുമാർ ഗ്രോബാഗ് വിതരണം ചെയ്ത റസിഡൻസ് അസ്സോസിയേഷനുകൾ, വീടുകൾ എന്നിവ സന്ദർശിക്കുകയും യഥാസമയം നിർദ്ദേശങ്ങൾ നൽകുകയും പ്രശ്നങ്ങൾ പരിഹരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. സംസ്ഥാന തലത്തിൽ അവലോകനം നടത്തിയിട്ടുണ്ട്.

ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം പച്ചക്കറി കൃഷിയുടെ വ്യാപനമാണ് ലക്ഷ്യമിട്ടിരുന്നത്;

ബി) ഗ്രോബാഗ് പദ്ധതി പ്രകാരം 25 ഗ്രോബാഗുകളടങ്ങുന്ന ഒരു ഗ്രോബാഗ് യൂണിറ്റിൽ പ്രധാനപ്പെട്ട 4-6 ഇനം പച്ചക്കറികളുടെ വ്യാപനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ചീര, മുളക്, വഴുതിന, വെണ്ട, കുറ്റിപ്പയർ, തക്കാളി തുടങ്ങിയ പന്തൽ വേണ്ടാത്ത ഇനങ്ങളാണ് കൃഷി ചെയ്യുന്നതിനായി വിതരണം ചെയ്യുന്നത്. വയനാട്, ഇടുക്കി എന്നീ ജില്ലകളിൽ കാബേജ്, കോളിഫ്ളവർ, പാലക് തുടങ്ങി ശീതകാല പച്ചക്കറിത്തൈകളും നൽകുന്നു.

സി) ഓരോ ഗ്രോബാഗ് നിർമ്മിക്കുന്നതിനും എന്തുതുക ചെലവ് വന്നു; ഇത് കർഷകർക്ക് എന്തു വിലയ്ക്ക് നൽകിയെന്ന് വ്യക്തമാക്കാമോ;

സി) ഓരോ ഗ്രോബാഗ് നിർമ്മിക്കുന്നതിനും 80 രൂപയാണ് ചിലവ് വരും. അതിൽ 60 രൂപ സഹായധനമായി കണക്കാക്കി 20 രൂപ മാത്രമാണ് കർഷകരിൽ നിന്നും ഈടാക്കുന്നത്.

80 രൂപ വിലയുള്ള 25 ഗ്രോബാഗുകൾ കർഷകർക്ക് 1500 രൂപ സബ്സിഡിയോടു കൂടി 500 രൂപയ്ക്കാണ് വിതരണം ചെയ്തിരുന്നത്.

ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ഇപ്പോൾ നിലച്ചിരിക്കുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നല്കാമോ?

ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2013-14-ൽ സംസ്ഥാനത്ത് മൊത്തം 27837 ഗ്രോബാഗ് യൂണിറ്റുകൾ വിതരണം ചെയ്തിരുന്നു. 2014-15-ൽ ആകട്ടെ 26.05.2014-ലെ വിസി 8278/14 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തൊട്ടാകെ 28334 ഗ്രോബാഗ് യൂണിറ്റുകൾ വിതരണം ചെയ്യാനുള്ള

പ്രവർത്തന നിർദ്ദേശങ്ങൾ നൽകിക്കഴിഞ്ഞു. അതനുസരിച്ച്, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, കേരള വിത്ത് വികസന അതോറിറ്റി, കൃഷി വകുപ്പ് ഫാമുകൾ എന്നിവ വഴി ഗ്രോബാഗ് യൂണിറ്റുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.

**സെക്ഷൻ ഓഫീസർ**